(സി) യു.ജി.സി. നോംസ് അനുസരിച്ച് ഒരു കോളേജ് അദ്ധ്യാപകൻ ഒരാഴ്ചയിൽ എത്ര മണിക്കൂർ ക്ലാസ് എടുക്കേണ്ടതുണ്ട് ;

(ഡി) അത്രയും മണിക്കൂറുകൾ ഇപ്പോൾ ഓരോ അദ്ധ്യാപകനും അദ്ധ്യാപനത്തിനു വേണ്ടി വിനിയോഗിക്കുന്നുണ്ടോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) 24-12-1998-ലെ എഫ്3-1/94(പി എസ്.) നമ്പരായുള്ള യു.ജി.സിയുടെ കത്തിനോടൊപ്പം അയച്ചുതന്നിട്ടുള്ള വിജ്ഞാപനത്തിലെ 14.00 ഖണ്ഡികയിലെ നിർദ്ദേശപ്രകാരം ഒരു വർഷം 100 അദ്ധ്യയന ദിവസം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അതായത് ആഴ്ചയിൽ 6 ദിവസം വച്ച് ഒരു അദ്ധ്യയന വർഷത്തിൽ 30 ആഴ്ചയോ ആഴ്ചയിൽ 5 ദിവസം വച്ച് 36 ആഴ്ചയോ അദ്ധ്യയന ദിവസം വേണ്ടതാണ്. കൂടാതെ ആഴ്ചയിൽ 40 മണിക്കൂർ പ്രവർത്തി സമയമായും നിശ്ചയിച്ചിട്ടുണ്ട്.

(ബി&സി) പുതിയ യു.ജി.സി നിർദ്ദേശപ്രകാരം ഒരു കോളേജ് അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂർ പഠിപ്പിക്കേണ്ടതാണ്. റീഡർ/പ്രൊഫസർ എന്നീ ഗ്രേഡിലുള്ളവർക്ക് 14 മണിക്കൂർ പഠിപ്പിച്ചാൽ മതി. ഗവേഷണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രൊഫസർമാർക്ക് 2 മണിക്കൂർ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) പല കോളേജുകളിലും ഈ വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ലായെന്നു കാണുന്നതിനാലാണ് ഇപ്പോൾ കർശന നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ദേശീയ വിദ്യാഭ്യാസ നയം

23 (*263) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(ബി) സ്കൂൾ വിദ്യാഭ്യാസം 12 വർഷം എന്നുള്ള നയം ഈ സർക്കാർ അംഗീകരിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ 11, 12 എന്നീ ക്ലാസ്സുകളുടെ വിദ്യാഭ്യാസം കൂടി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽകൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പ്ലസ്ടു വിദ്യാഭ്യാസം യൂണിവേഴ്സിറ്റികളിൽ നിന്നും വേർപ്പെടുത്താനുള്ള തീരുമാനം എടുത്തതുകൊണ്ട് തുടർന്നും പ്രീഡിഗ്രിക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ യൂണിവേഴ്സിറ്റികളിൽ തുടരുവാൻ ഉദ്ദേശമുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഏതു വർഷം മുതലാണ് പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എൻ.സി.ഇ.ആർ.ടിയുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് ആണോ എസ്.സി.ഇ.ആർ.റ്റി ഒന്നു മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്ക് പാഠ്യക്രമവും പാഠ്യപദ്ധതിയും തയ്യാറാക്കുന്നത് ;

(ജി) 4+3+3+2 എന്ന മാനദണ്ഡം സ്കൂൾ വിദ്യാഭ്യാസരംഗത്ത് പൂർണ്ണമായും ഏതു വർഷം മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(എച്ച്) കെ.ഇ.ആർ പ്രകാരമുള്ള ഡിപ്പാർട്ടുമെന്റുകൾ എയ്ഡഡ്-അൺ എയ്ഡഡ് സ്കൂളുകളിൽ സെക്കന്ററി വിദ്യാഭ്യാസം നിലവിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്ലസ്ടു ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദേശീയവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(1) ശിശുകേന്ദ്രീകൃത വിദ്യാഭ്യാസരീതിക്ക് ഊന്നൽ നൽകി.
(2) വികലാംഗരായ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിവരുന്ന സ്പെഷ്യൽ സ്കൂളുകൾ നവീകരിച്ചു.
(3) പ്രീപ്രൈമറി ബിൽ തയ്യാറാക്കി നിയമസഭയുടെ സെലക്ട് കമ്മിറ്റിക്ക് അയച്ചു.
(4) കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തി സ്കൂളുകളുടെ ഭാഗമാക്കി മാറ്റി.
(5) വിദ്യാഭ്യാസരംഗത്ത് കൂടുതൽ ഗവേഷണങ്ങൾ ഏറ്റെടുത്ത് നടത്തുന്ന വിധത്തിൽ എസ്.സി.ഇ.ആർ.ടി.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി.
(6) തുടർവിദ്യാഭ്യാസ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.
(7) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗക്കാർക്കുവേണ്ടി കൂടുതൽ സ്കൂളുകൾ അനുവദിച്ചു.
(8) അംഗവൈകല്യമുള്ള വിദ്യാർത്ഥികളുടെ സംയോജിതവിദ്യാഭ്യാസ പരിപാടിക്ക്കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കി.
(9) അനൗപചാരിക വിദ്യാഭ്യാസരീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ആരംഭിച്ചു.
(10) എഡ്യൂക്കേഷൻ ടെക്നോളജി സ്കീം നടപ്പിൽ വരുത്തി.
(11) പ്രൈമറി/സെക്കന്ററി വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി പുതുതായി സ്കൂളുകൾ ആരംഭിച്ചു.
(12) സ്കൂളുകളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിച്ചു.

(ബി) ഉണ്ട്.

(സി) 11, 12 എന്നീ ക്ലാസ്സുകളുടെ ഭരണപരവും മറ്റുമായ നിയന്ത്രണം ഇപ്പോൾത്തന്നെ പൊതുവിദ്യാഭ്യാസവകുപ്പിനാണ്. എന്നാൽ ഈ വിഭാഗം കൈകാര്യം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഒരു ഹയർ സെക്കന്ററി ഡയറക്ടറും ഇതിനായി ഒരു പ്രത്യേക ഡയറക്ടറും ഉണ്ട്. ഈ സംവിധാനം തന്നെ തുടരാനാണു തീരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. യൂണിവേഴ്സിറ്റികളിൽ നിന്ന് പ്രീഡിഗ്രി വേർപ്പെടുത്തിയാലും സ്കൂളുകളിലെ പ്ളസ്ടു കോഴ്സുകൾക്ക് സമാന്തരമായി, പ്ളസ്ടുവിനും പ്രൈവറ്റായി പഠിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ "ഓപ്പൺസ്കൂൾ" എന്ന് നാമകരണം ചെയ്ത് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലയേൽപ്പിച്ചിട്ടുണ്ട്.

(ഇ) പ്രീഡിഗ്രി ഡിലിങ്ക് ചെയ്യുന്നതു പൂർത്തിയാകുമ്പോൾ മുതൽ.

(എഫ്) അതെ.

(ജി) 2001-ാമാണ്ടോടുകൂടി നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നു.

(എച്ച്) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്ളസ്ടു ഏർപ്പെടുത്തുകയെന്നതു പ്രായോഗികമല്ല. കോളേജുകളിൽ നിന്ന് പ്രീഡിഗ്രി ലിങ്ക് ചെയ്യുമ്പോൾ നഷ്ടപ്പെടുന്ന സീറ്റുകൾക്ക് തുല്യമായ എണ്ണം പ്ളസ്ടു സീറ്റുകൾ അനുവദിക്കുവാനാണു തീരുമാനം. കൂടാതെ ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസ ആവശ്യകതയും പ്ളസ്ടു അനുവദിക്കുമ്പോൾ കണക്കിലെടുക്കും.

സംസ്ഥാനത്തെ യൂണിവേഴ്സിറ്റി നിയമങ്ങൾ

24 (*264) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിലുള്ള യൂണിവേഴ്സിറ്റി നിയമങ്ങളിൽ ഏതെല്ലാം യൂണിവേഴ്സിറ്റി നിയമങ്ങളിലാണ് ഏകീകൃതസമാന വകുപ്പുകളുള്ളത് ;

(ബി) കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് പല തരത്തിലുള്ള നിയമങ്ങൾ നിലനില്ക്കുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിൽ സിൻഡിക്കേറ്റ് അംഗങ്ങളുടെ അംഗസംഖ്യ എത്ര വീതമാണ് ;

(ഇ) ഓരോ യൂണിവേഴ്സിറ്റികളിലേയും സിൻഡിക്കേറ്റുകളുടെ അധികാരങ്ങൾ എന്തെല്ലാമാണ് ;

(എഫ്) സിൻഡിക്കേറ്റ് അംഗങ്ങളെക്കുറിച്ചുള്ള പരാതികൾ ആരാണു അന്വേഷിക്കുന്നത് ;

(ജി) എം.ജി. യൂണിവേഴ്സിറ്റിയിലെ ഏതെങ്കിലും സിൻഡിക്കേറ്റ് അംഗത്തെക്കുറിച്ച് പണാപഹരണ ആക്ഷേപമോ, രജിസ്ട്രാറുടെ വ്യാജ ഒപ്പിട്ട് ചെക്ക് മാറ്റിയെടുത്തു എന്ന ആക്ഷേപമോ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ആരെക്കുറിച്ചാണെന്നും ഇതു സംബന്ധമായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

LIBRARY ARCHIVES Kerala Legislative Assembly